പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5225 — 27.06.2019 ൽ മറുപടിയ്ക്ക്

# പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീ.ടി.എ.അഹമ്മദ് കബീർ
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്
ശ്രീ.പി.കെ.ബഷീർ
ശ്രീ.പാറക്കൽ അബ്ദുല്ല

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പൊതുവിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിനായി രൂപീകരിച്ച പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറി ചെയർമാനായും സിവിൽ സപ്ലൈസ് ഡയറക്ടർ കൺവീനറായും പ്രവർത്തിച്ചു വരുന്ന പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ യോഗം കാലാകാലങ്ങളിൽ ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി വിലക്കയറ്റം തടയാൻ സർക്കാർ ഏജൻസികളും വകുപ്പുകളും നടത്തുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും പൊതുവിപണിയിലെ അവശ്യ ഭക്ഷ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ വിലക്കയറ്റം തടയാനുള്ള ഉചിതമായ നിർദ്ദേശങ്ങൾ നൽകുക വഴി കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് എന്നിവ തടയാനും സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സെല്ലിൽ ഘടനാപരമായ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | തൽക്കാലം പരിഗണനയിലില്ല. |
| (സി) | രൂപീകൃതമായതിനു ശേഷം പ്രസ്തുത സെൽ എത്ര തവണ യോഗം ചേർന്നിട്ടുണ്ടെന്നും പ്രധാനപ്പെട്ട യോഗ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ യെന്നും വിശദമാക്കാമോ? | (സി) | പ്രൈസ് മോണിറ്ററിംഗ് സെൽ പ്രവർത്തനം ആരംഭിച്ചതിനു ശേഷം 8 തവണ യോഗം ചേർന്ന് അവശ്യസാധനങ്ങളുടെ പൊതു വിപണിയിലെ വിലനിലവാരം നിരീക്ഷിക്കുകയും വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്കും ഏജൻസികൾക്കും (കേരഫെഡ്, ഹോർട്ടികോർപ്പ്) നിർദ്ദേശം നൽകിയിട്ടുമുണ്ട്. വിപണിയിൽ വില വർദ്ധനവ് ഉണ്ടാകാനിടയുള്ള സാഹചര്യം കണക്കിലെടുത്ത് സാധനങ്ങൾക്ക് അധികവില ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ